# ദേവീസഹായം എൽ.പി.സ്കൂൾ
# ആലക്കാട്

കുഞ്ഞുകഥകൾ

# തേൻമധുരം



അൻവിയ.വി.പി

ഒന്നാംതരം

# ആമുഖം

ഒന്നാംക്ലാസ്സിലെ കുട്ടികളുടെ സർഗ്ഗാത്മക രചനയും ചിന്താശേഷിയും വളർത്തിയെടുക്കാൻ പൊതുവിദ്യാലയങ്ങളിൽ ഈ വർഷം നടപ്പിലാക്കിയ പദ്ധതിയാണ് രചനോത്സവം. സചിത്ര പുസ്തകം, സംയുക്ത ഡയറി തുടങ്ങിയ നൂതനാശയങ്ങളിലൂടെ കുട്ടികൾക്ക് അവരുടെ ഭാഷാപരമായ കഴിവ് വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ ഏഴുമാസകാലമായി നമ്മുടെ ഒന്നാം ക്ലാസ്സിലെ കുട്ടികൾ രചനോത്സവത്തിന്റെ ഭാഗമായി സ്വതന്ത്ര രചനയിലേർപ്പെടുന്നു.

അൻവിയ. വി.പി, എഴുതിയ പതിനാറോളം കുഞ്ഞു കഥകളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.



അൻവിയ. വി.പി

## ഉള്ളടക്കം


1. നല്ല ചങ്ങാതിമാർ
2. കുഞ്ഞിത്താറാവിന്റെ സംശയം
3. മഴയോത്സവം
4. മിട്ടുപ്പൂച്ചയുടെ സൂത്രം
5. മണിപ്പൂച്ചയുടെ ചിത്രം
6. ചിക്കുമുയലിന്റെ ആഗ്രഹം
7. മണിത്താറാവും ചിന്നുത്തവളയും
8. ചിങ്കുക്കരടിയും കിട്ടുക്കരടിയും
9. ബുദ്ധിമാനായ നായക്കുട്ടി
10. മണിക്കരടിയും മിട്ടുഡോക്ടറും
11. ഉറ്റ ചങ്ങാതിമാർ
12. മിട്ടുക്കുരങ്ങനും കിട്ടുക്കുരങ്ങനും
13. കിച്ചുവിന്റെയും കുഞ്ഞാറ്റയുടെയും മോഹം
14. കിങ്ങിണിക്കാക്കയുടെ പിറന്നാൾ
15. ചിക്കുവിന്റെ വാല്
16. പിറന്നാൾ ദിനം

# നല്ല ചങ്ങാതിമാർ

അത്തിമരക്കാട്ടിലെ നല്ല ചങ്ങാതിമാരായിരുന്നു അപ്പുവും നീലിപ്പക്ഷിയും. ഒരു ദിവസം അവർ കാട്ടിലൂടെ നടക്കുമ്പോൾ മരത്തിൽ കുറെ ആപ്പിൾ കണ്ടു. അപ്പുവിന് ഒരു ആഗ്രഹം ആപ്പിൾ വേണമെന്ന്. അവൻ തന്റെ ആഗ്രഹം നീലിപ്പക്ഷിയോട് പറഞ്ഞു. നീലി പറഞ്ഞു എനിക്ക് ഇതിന്റെ ഭാരം താങ്ങാൻ കഴിയില്ലെന്ന്. അപ്പുവിന് സങ്കടമായി. അപ്പോഴാണ് അതുവഴി ബാലുക്കരടി വന്നത്. നീലി അവനോട് അപ്പുവിന്റെ ആഗ്രഹം പറഞ്ഞു. ബാലു ആഗ്രഹം സാധിച്ചു കൊടുക്കാമെന്ന് പറഞ്ഞു. അവൻ അപ്പുവിനെ പുറത്തു കയറ്റി. അപ്പു ആപ്പിൾ പറിക്കുകയും ചെയ്തു. അപ്പുവിന് സന്തോഷമായി.



# കുഞ്ഞിത്താറാവിന്റെ സംശയം

ഒരു ദിവസം കിങ്ങിണിത്താറാവും കുട്ടികളും കുളത്തിൽ നീന്തിക്കളിക്കുകയായിരുന്നു. അപ്പോഴാണ് കുറെ തുമ്പികൾ ആർത്തുല്ലസിച്ച് പാറി നടക്കുന്നത് കുഞ്ഞിത്താറാവിന്റെ ശ്രദ്ധയിൽപ്പെട്ടത്. കുഞ്ഞിത്താറാവ് തുമ്പികളോട് ചോദിച്ചു എനിക്ക് നിങ്ങളെപ്പോലെ ചിറകുണ്ട് പക്ഷെ   ഇങ്ങനെ പറക്കാൻ സാധിക്കുന്നില്ലല്ലോ. അപ്പോഴാണ് കുഞ്ഞിത്താറാവിന്റെ ഈ ചോദ്യം കിങ്ങിണിത്താറാവ് കേൾക്കുന്നത്.  കിങ്ങിത്താറാവ് പറഞ്ഞു ഓരോ ജീവികൾക്കും അതിന്റേതായ കഴിവുകളുണ്ട്. ഞങ്ങളെപ്പോലെ ഇവയ്ക്കും ചിറകില്ലേ പക്ഷേ ഇവർക്ക് വെള്ളത്തിലൂടെ നീന്താൻ സാധിക്കുന്നില്ലല്ലോ. അമ്മയുടെ ഈ മറുപടി കേട്ടപ്പോഴാണ് കുഞ്ഞിത്താറാവിന് കാര്യം മനസ്സിലായത്.



# മഴയോത്സവം

കിങ്ങിണിക്കാട്ടിലായിരുന്നു പാറു
ക്കരടിയുടെയും കൂട്ടുകാരുടെയും താമസം.
ആ കാട്ടിൽ വർഷത്തിൽ ഒരു പ്രാവശ്യം
മാത്രമേ മഴപെയ്യുകയുള്ളൂ. ആ ഒരു ദിവസം
അവർക്ക് വളരെ പ്രിയപ്പെട്ടതായിരുന്നു.
അങ്ങനെ ഒരു ദിവസം കിങ്ങിണിക്കാട്ടിൽ
മഴ വന്നെത്തി ഇത് വലിയൊരു
ആഘോഷമാക്കാൻ മൃഗങ്ങളെല്ലാം
തീരുമാനിച്ചു. പാറുക്കരടിയും മിട്ടു മുയലും
ചെമ്പൻക്കുറുക്കനും കുഞ്ഞനണ്ണാനും
നീലിപ്പുൽച്ചാടിയും മഴയെ ആസ്വദിച്ച്
അങ്ങനെ പാട്ടും പാടി നൃത്തം വച്ചു രസിച്ചു.



Poster Maker

# മിട്ടു പൂച്ചയുടെ സൂത്രം

തങ്കു പൂച്ചയും മിട്ടു പൂച്ചയും ചുണ്ടെലിയും നല്ല ചങ്ങാതിമാരായിരുന്നു. അവരുടെ ശത്രുവായിരുന്നു കിച്ചു നായ. തങ്കുവും കൂട്ടുകാരും അവന് ഒരു പണി കൊടുക്കാൻ തീരുമാനിച്ചു. പെട്ടെന്നാണ് മിട്ടു പൂച്ചയ്ക്ക് ഒരു ബുദ്ധി തോന്നിയത്. അവൻ വേഗം ഒരു കപ്പിൽ വെള്ളമെടുത്ത് ഉറങ്ങുകയായിരുന്ന കിച്ചു നായയുടെ ദേഹത്ത് ഒഴിച്ചു. ഇതെല്ലാം തങ്കു പൂച്ച തന്റെ ക്യാമറയിൽ പകർത്തി.കിച്ചു നായ കരയാൻ തുടങ്ങി.തങ്കുവിനും മിട്ടുവിനും ചുണ്ടെലിക്കും സന്തോഷമായി.



Poster Maker

# മണി പൂച്ചയുടെ ചിത്രം

കിങ്ങിണിക്കാട്ടിലാണ് മണി പൂച്ചയുടെ താമസം. അങ്ങനെ ഒരു ദിവസം അവളുടെ ചിത്രം കണ്ണാടിയിൽ നോക്കി വരക്കുകയായിരുന്നു. അതുവഴി വന്ന വരയൻ കടുവ ഇവളെ ഒന്ന് പറ്റിക്കാമെന്ന് വിചാരിച്ചു. പെട്ടെന്നാണ് ' ഗർർ 'എന്ന ശബ്ദം കേട്ട് മണി പൂച്ച ഞെട്ടിയത് അവൾ വരച്ച ചിത്രം കടുവയുടെ ചിത്രമായി മാറിയിരിക്കുന്നു. അപ്പോഴാണ് വരയൻ കടുവ മണി പൂച്ചയുടെ അടുത്തേക്ക് വന്നത്. പിന്നീടാണ് മണിപൂച്ചക്ക് കാര്യം മനസ്സിലായത്.



Poster Maker

# ചിക്കു മുയലിന്റെ ആഗ്രഹം


കിങ്ങിണിക്കാട്ടിലാണ് ചിക്കു മുയലിന്റെ താമസം. ഒരു ദിവസം ചിക്കു മുയലിന് ഒരാഗ്രഹം തോന്നി. ഒരു മരത്തിന്റെ മുകളിൽ കയറണമെന്ന്. ഈ ആഗ്രഹം തന്റെ കൂട്ടുകാരായ മണിയൻ കരടിയോടും നീലി കഴുതയോടും മിട്ടു കടുവയോടും പറഞ്ഞു.

ചിക്കുവും കൂട്ടുകാരും മരത്തിന്റെ അടുത്തേക്ക് പോയി. ചിക്കു മുയൽ മരത്തിന്റെ മുകളിൽ കയറി. പെട്ടെന്ന് അവൻ താഴേക്ക് നോക്കിയപ്പോൾ പേടിയായി. അവൻ പേടിച്ച് കരയാൻ തുടങ്ങി. അപോഴാണ് മണിയൻക്കരടിക്ക് ഒരു സൂത്രം തോന്നിയത്. മണിയൻ കരടി ബലൂണുകൾ വീർപ്പിച്ചുകൊണ്ട് മുകളിലേക്ക് ഉയർന്നുപൊങ്ങി. ചിക്കുവിനെയും കൂട്ടി താഴേക്ക് ഇറങ്ങി.ചിക്കു മുയലിന്സന്തോഷമായി.



Poster Maker

# മണിത്താറാവും ചിന്നുത്തവളയും



അയ്യോ രക്ഷിക്കണേ.....



ചിന്നുത്തവളയുടെ
കരച്ചിലാണല്ലോ കേൾക്കുന്നത്
ഒന്നു പോയി നോക്കാം



മണിത്താറാവേ എന്നെ ഒന്ന്
രക്ഷിക്കാമോ



ഓ അതിനെന്താ.നീ
എന്തിനാ കരയുന്നത്



അതൊക്കെ പറയാം.ഞാൻ
നിന്റെ പുറത്തൊന്നു
കയറിക്കോട്ടെ  നീ എന്നെ
അക്കരെ എത്തിക്കാമോ



എത്തിക്കാം. നീ
കയറിക്കോളൂ




ഇനി കാര്യം പറയാം ആ നീലി പാമ്പ് എന്നെ
ആക്രമിക്കാൻ വന്നു. നീ വന്നതുകൊണ്ടാണ്
എന്റെ ജീവൻ തിരിച്ചു കിട്ടിയത്. ഈ ഉപകാരം
ഞാൻ ഒരിക്കലും മറക്കില്ല.

Poster Maker

# ചിങ്കു കരടിയും കിട്ടു കരടിയും

പഞ്ചവടിക്കാട്ടിലായിരുന്നു ചിങ്കു കരടിയും കിട്ടു കരടിയും താമസിച്ചിരുന്നത്. അവർക്ക് രണ്ടുപേർക്കും പക്ഷികൾ പറക്കുന്നത് പോലെ പറക്കാൻ ആഗ്രഹം തോന്നി.അവർ അച്ഛനോട് കാര്യം പറഞ്ഞു. അച്ഛൻ അവർക്ക് ബലൂൺ വീർപ്പിച്ചു നൽകി. കിട്ടുവും ചിങ്കുവും അതിൽ കയറി മുകളിലേക്ക് ഉയർന്ന് പൊങ്ങി. പെട്ടെന്നാണ് കുറെ തേനീച്ചകൾ വന്ന് ബലൂണിൽ കുത്തി ബലൂണിന്റെ  കാറ്റുപോയി. രണ്ടുപേരും താഴേക്ക് വീണു. അപ്പോഴാണ് അവർക്ക് ഒരു കാര്യം മനസ്സിലായത് ചിറകുണ്ടെങ്കിലേ പറക്കാൻ സാധിക്കുകയുള്ളൂ എന്ന്.



Poster Maker

# ബുദ്ധിമാനായ നായക്കുട്ടി

കിങ്ങിണിയാടും കുട്ടിയും പഞ്ചവടി ഗ്രാമത്തിലാണ് താമസിച്ചിരുന്നത്. ഒരു ദിവസം കാട്ടിൽ നിന്നും പുലിയിറങ്ങി കിങ്ങിണിയാടിനെ കടിച്ചു കൊണ്ടുപോയി. കിങ്ങിണിയാടിന്റെ കുട്ടി വിശന്നു കരയാൻ തുടങ്ങി. ഇതു കണ്ട ടോമി നായ ഒരു കുപ്പിയിൽ പാൽ കൊണ്ടുവന്ന് ആട്ടിൻക്കുട്ടിയുടെ വായിൽ  വെച്ചുകൊടുത്തു. അതിന്റെ വിശപ്പു മാറി. ആട്ടിൻക്കുട്ടിക്കും ടോമിക്കും സന്തോഷമായി.




# മണിക്കരടിയും മിട്ടു ഡോക്ടറും

ആലിലക്കാട്ടിലായിരുന്നു മണിക്കരടിയുടെ താമസം. ഒരുനാൾ മണിക്ക് പനി വന്നു.അവൻ വേഗം മിട്ടു ഡോക്ടറെ കാണാൻ പോയി. ഡോക്ടർ പറഞ്ഞു നിനക്ക് കോവിഡാണെന്ന്. മണി വേഗം വീട്ടിലേക്ക് പോയി. മിട്ടു ഡോക്ടർ മരുന്നുകളുമായി മണിയുടെ വീട്ടിലെത്തി. മരുന്നുകളോടൊപ്പം സൂചിയുമുണ്ടായിരുന്നു. ഇതു കണ്ടതോടെ മണിക്കരടി വേഗം മരത്തിന്റെ മുകളിൽക്കയറി. മണിയുടെ ഭാരം താങ്ങാനാകാതെ മരക്കൊമ്പ് ഒടിഞ്ഞുവീണു. ഈ സമയം നോക്കി ഡോക്ടർ മണിക്ക് സൂചി വെച്ചു. അതോടെ മണിക്കരടിയുടെ കോവിഡ് മാറി.



# ഉറ്റ ചങ്ങാതിമാർ

കുഞ്ഞനാനയും ചുണ്ടെലിയും ഉറ്റ ചങ്ങാതിമാരായിരുന്നു. ഒരു ദിവസം രാത്രി ഉറങ്ങുകയായിരുന്ന ചുണ്ടെലി ഒരു സ്വപ്നം കണ്ടു പേടിച്ചു കരയാൻ തുടങ്ങി. കരച്ചിൽ കേട്ട കുഞ്ഞനാന ചുണ്ടെലിയുടെ അടുത്തുപോയി. കുഞ്ഞനാന അവനെ വിളിച്ച് ഞെട്ടലിൽ നിന്ന് മാറാൻ വേണ്ടി അമ്പിളിമാമന്റെ കഥകൾ പറഞ്ഞുകൊടുത്തു.കഥകൾ കേട്ടപ്പോൾ ചുണ്ടെലിക്ക് സന്തോഷമായി.



Poster Maker

# മിട്ടു കുരങ്ങനും കിട്ടു കുരങ്ങനും

അത്തിമരക്കാട്ടിലെ ചങ്ങാതിമാരായിരുന്നു മിട്ടു കുരങ്ങനും കിട്ടു കുരങ്ങനും. ഒരു ദിവസം രണ്ടു പേരും കൂടി കിങ്ങിണി പുഴയുടെ തീരത്ത് മരത്തടി കൊണ്ട് കളിക്കുകയായിരുന്നു. രണ്ടുപേരും കളിച്ചുകൊണ്ടിരിക്കെ കിട്ടു കുരങ്ങൻ പെട്ടെന്ന് മുകളിലേക്ക് തെറിച്ചു പോയി. ഇതു കണ്ട്

മിട്ടു കുരങ്ങൻ പേടിച്ച് നിലവിളിക്കാൻ തുടങ്ങി. തിരിഞ്ഞു നോക്കിയപ്പോൾ അതാ കിട്ടു കുരങ്ങൻ വലിയൊരു ഏത്തക്കുലയുമായി തിരിച്ചുവരുന്നു. ഇത് കണ്ട് മിട്ടു കുരങ്ങന് സന്തോഷമായി.



# കിച്ചുവിന്റെയും കുഞ്ഞാറ്റയുടെയും മോഹം

കിച്ചുവും കുഞ്ഞാറ്റയും ഉറ്റ ചങ്ങാതിമാരായിരുന്നു. ഒരു ദിവസം കിച്ചുവും കുഞ്ഞാറ്റയും കളിച്ചുകൊണ്ടിരിക്കുന്ന സമയത്ത് അതിലൂടെ കുഞ്ഞനാന വരുന്നതു കണ്ടു. അവർ കുഞ്ഞനാനയുടെ അടുത്തു പോയി ഞങ്ങളെ നിന്റെ പുറത്തു കയറ്റി നാട്ടിലെ കാഴ്ചകളൊക്കെ കാണിച്ചു തരുമോ എന്ന് ചോദിച്ചു. കുഞ്ഞനാന ഇവരെ പുറത്തു കയറ്റി പോകാൻ തീരുമാനിച്ചു. കിച്ചുവും കുഞ്ഞാറ്റയും കുഞ്ഞനാനയുടെ പുറത്തു കയറി നാട്ടിലെ കാഴ്ചകളൊക്കെ കണ്ടു രസിച്ചു. കിച്ചുവിനും കുഞ്ഞാറ്റക്കും സന്തോഷമായി.




# കിങ്ങിണിക്കാക്കയുടെ പിറന്നാൾ

ഇന്ന് എനിക്ക് വളരെ സന്തോഷമുള്ള ദിവസമാണ്. കാരണം എന്റെ പിറന്നാളാണ്. ഇന്ന് ഒരു പായസം ഉണ്ടാക്കി എന്റെ ചങ്ങാതിമാർക്കൊക്കെ കൊടുക്കാം എന്ന് കിങ്ങിണിക്കാക്ക വിചാരിച്ചു. അങ്ങനെ കിങ്ങിണിക്കാക്ക പായസം ഉണ്ടാക്കാൻ തുടങ്ങി.

ചങ്ങാതിമാരായ ചിന്നുത്തത്തയും നീലിക്കൊക്കും സമ്മാനങ്ങളുമായി കിങ്ങിണിക്കാക്കയുടെ അടുത്തേക്ക് വന്നു. കിങ്ങിണിക്കാക്ക അവർക്കെല്ലാം പായസം കൊടുത്തു. അവർ പായസം കുടിച്ച് സന്തോഷത്തോടെ പറന്നു പോയി കിങ്ങിണിക്കാക്കയ്ക്ക് വളരെയധികം സന്തോഷമായി. ഈ പിറന്നാൾദിനം കിങ്ങിണിക്കാക്കയുടെ മനസ്സിൽ മായാത്ത ഒരു ഓർമ്മയായി.



# ചിക്കുവിന്റെ വാല്



വളരെ മനോഹരമായ
താമരക്കാട്.



താമരക്കാട്ടിലാണ് ചിക്കു
കുറുക്കന്റെ താമസം.



അവനെ മറ്റുള്ള കുറുക്കന്മാർ ഒന്നും
അവരുടെ കൂട്ടത്തിൽ കൂട്ടാറില്ല



കാരണം അവന്റെ വാലിന്
മറ്റുള്ളവരെപ്പോലെ നിറം
ഉണ്ടായിരുന്നില്ല . ഈ കാരണം
കൊണ്ട് അവൻ എപ്പോഴും
വിഷമത്തിലായിരുന്നു.



ചിക്കു കുറുക്കന്റെ വിഷമം കണ്ട്
കാവതിക്കാക്ക ഒരു മരുന്ന് ചിക്കുവിന്
കൊടുത്തു. ചിക്കു ആ മരുന്ന് തേച്ചപ്പോൾ
ചിക്കുവിന്റെ വാല് മറ്റുള്ള കുറുക്കന്മാരെ
പോലെയായി. ചിക്കുവിന് സന്തോഷമായി.



Poster Maker

# പിറന്നാൾ ദിനം





കിങ്ങിണിക്കാക്കയുടെ
പിറന്നാളാണ് ഇന്ന്. അവൾ
കൂട്ടുകാർക്കെല്ലാം പായസം
വെച്ച് കൊടുക്കാൻ തീരുമാനിച്ചു.



അവൾ പായസം ഉണ്ടാക്കാൻ
തുടങ്ങി.



ചിന്നുത്തത്തയും ജൂലിത്താറാവും
സമ്മാനങ്ങളുമായി വന്നു.
കിങ്ങിണിക്കാക്ക അവർക്ക്
പായസം കൊടുത്തു.



കിങ്ങിണിക്കാക്കക്ക് വളരെയധികം
സന്തോഷമായി. ഈ പിറന്നാൾ
ദിനം അവളുടെ മനസിൽ മായാത്ത
ഒരു ഓർമ്മയായി.

Poster Maker